# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 759 — 20.03.2013-ൽ മറുപടിക്ക്

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. പി. ജയരാജൻ : | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ വകുപ്പിനു കീഴിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ സൗകര്യങ്ങൾ ക്രമീകരിക്കുവാനും വിഭാവനം ചെയ്യുകൊണ്ടുള്ള പദ്ധതികൾക്കായി 2012-13 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയെന്നു വ്യക്തമാക്കുമോ ; | (എ) പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെടുത്താൻ തുക വകയിരുത്തിയിട്ടില്ല. എന്നാൽ 2012-13 സാമ്പത്തിക വർഷത്തിൽ ജില്ല/താലൂക്ക്/സി.എച്ച്.സി. ലാബുകളിൽ ഡയഗ്നോസ്റ്റിക് സംവിധാനം ശക്തിപ്പെടുത്തൽ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി 13-ാം ധനകാര്യ കമ്മീഷൻ വിഹിതമായ 1450 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 250 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുള്ള 1700 ലക്ഷം രൂപയുടെ നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ഫണ്ട് ലഭ്യമാക്കിയെന്നും എത്ര തുക ഏതാവശ്യത്തിനു ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ ; | (ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് നീക്കിവെച്ചിട്ടില്ല. |
| (സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ഏതെല്ലാം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് ഫണ്ട് ലഭ്യമാക്കിയെന്നും എത്ര തുക ഏതാവശ്യത്തിനു ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ ? | (സി) കണ്ണൂർ ജില്ലയിലെ സാമൂഹ്യാരോഗ്യ കേന്ദ്രം - ഇരിക്കൂർ, ഇരിവേരി, ഒരുവള്ളിത്തട്ട്, മട്ടന്നൂർ എന്നീ സ്ഥാപനങ്ങളിൽ ഇ.സി.ജി മെഷീൻ (12 ചാനൽ) വാങ്ങുന്നതിലേയ്ക്കായി ഓരോ സ്ഥാപനത്തിനും 84,000/- രൂപ വീതം ആകെ 3.36 ലക്ഷം രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ